LIBRARY ARCHIVES Kerala Legislative Assembly

കുരുവട്ടൂർ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

37 [1125] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരുവട്ടൂർ പഞ്ചായത്തിലെ കക്കോടി സെക്ഷനിലെ പോലൂർ പ്രദേശത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഈ പ്രശ്നത്തിന് എന്നത്തേക്ക് പരിഹാരമുണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനായി 1.2 കി.മീ. 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള ജോലിയുടെ എസ്റ്റിമേറ്റ് പാസ്സാക്കി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) കക്കോടി സെക്ഷനിലെ 7-ാമത്തെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലിയായി രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതി സാധന സാമഗ്രികളുടെ ലഭ്യതയ്ക്കനുസരിച്ച് പൂർത്തീകരിക്കുന്നതാണ്.

പന്നിയാർ, പള്ളിവാസൽ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിൽ അഴിമതി

38 [1126] ശ്രീ. എ. കെ. മണി :
ശ്രീമതി മേഴ്സി രവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, പി. ജെ. ജോയി :
,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്നിയാർ, പള്ളിവാസൽ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിനുമുമ്പ് അവയുടെ സ്ഥാപിതശേഷി എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) നവീകരണം പൂർത്തിയാകുമ്പോൾ സ്ഥാപിതശേഷി എത്രയായി ഉയരുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത് ;

(സി) അവയുടെ നവീകരണം പൂർത്തിയായിട്ടുണ്ടെങ്കിൽ സ്ഥാപിതശേഷി എത്ര ;

(ഡി) ഇവയുടെ നവീകരണം നടത്തുന്നതിനുള്ള കരാർ തുക എത്രയായിരുന്നു ; ശബരിഗിരി പദ്ധതിയുടെ നവീകരണം നടത്തിയിട്ടുണ്ടോ ;

(ഇ) നവീകരണത്തിനുമുമ്പ് അതിന്റെ സ്ഥാപിതശേഷി എത്രയായിരുന്നുവെന്നും നവീകരണത്തിനുശേഷം അതിന്റെ സ്ഥാപിതശേഷി എത്രയായാണ് ഉയർന്നതെന്നും വ്യക്തമാക്കാമോ ;